(ഡി) കൈത്തറി സംഘങ്ങളിൽ ഹാന്റ്ക്സിൽ അംഗത്വമുള്ള സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) വിവരം ശേഖരിച്ചുവരുന്നു.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണക്കോടി

234 (4225) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഓണക്കാലത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഓണക്കോടി ആയി ഹാൻടെക്സ് എത്ര സാരികൾ വിതരണം ചെയ്യുവെന്നും അവ എവിടെ നിന്നാണ് സംഭരിച്ചതെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്നും സ്റ്റോർ പർച്ചേസ് നിയമാവലി പ്രകാരമാണോ പ്രസ്തുത സംഭരണം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്കുവേണ്ടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരം ഹാന്റക്സ് 7134 സാരികൾ വിതരണം ചെയ്തു. ഇവ. എൻ.എസ്.ഐ.സി. വഴിയാണ് സംഭരിച്ചത്. ഇവയുടെ വിലയായി 25,25,436 രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. എൻ.എസ്.ഐ.സി. കേന്ദ്ര സർക്കാർ സ്ഥാപനമായതിനാൽ സ്റ്റോർ പർച്ചേസ് നിയമാവലി പ്രകാരമല്ല സംഭരണം ചെയ്തിട്ടുള്ളത്.

ടെക്നോപാർക്കിൽ വാടകക്കുടിശ്ശിക

235 (4226) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ ഇപ്പോൾ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിനും എത്ര സ്ക്വയർഫീറ്റ് സ്ഥലം വീതമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നതിന് സ്ഥലം വാടകയ്ക്കാണോ പാട്ടത്തിനാണോ മറ്റെന്തെങ്കിലും വ്യവസ്ഥകളിലാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly